ജില്ലാ എമർജൻസി ഓപ്പറേറ്റിംഗ് സെന്റർ
കളക്ടറേറ്റ്, വയനാട്, കൽപ്പറ്റ.
ഫോൺ നമ്പർ: 04936 202251
ഇ മെയിൽ: deocwyd@gmail.com

## ചെയർപേഴ്സൺ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കളക്ടർ വയനാടിന്റെ നടപടിക്രമം

(ഹാജർ: ഡോ.അദീല അബ്ദുള്ള ഐ എ എസ്)

വിഷയം: ഡിസാസ്റ്റർ മാനേജ്മെന്റ്- കോവിഡ്-19- വോളണ്ടിയർമാർക്ക് പാസ് നൽകുന്നത്-

DCWYD/2909/2020(2)-DM1 dated 03.04.2020

കൊറോണ വൈറസ് മൂലമുണ്ടാകുന്ന കോവിഡ്-19 എന്ന രോഗം പ്രതിരോധിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ 'ലോക്ക് ഡൌൺ' പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഭക്ഷണം ലഭിക്കാതെയും സാധന സാമഗ്രികളും മരുന്നും ലഭിക്കാതെയും കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിനും മരുന്നുകൾ വാങ്ങി നൽകുന്നതിനും സാധന സാമഗ്രികളും ഭക്ഷണവും വിതരണം ചെയ്യുന്നതിനും, ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണം, ഭക്ഷ്യവസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്നതിനും, കോവിഡ് കെയർ സെന്ററുകളുടെ പരിപാലനത്തിനും, ചെക്ക്പോസ്റ്റുകളിലെ സേവനങ്ങൾക്കുമായും വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്.

വൊളണ്ടിയർമാരായി സേവനം ചെയ്യുന്നതിന് താൽപര്യമുള്ളവർ സന്നദ്ധം പോർട്ടൽ വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സന്നദ്ധം പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുടെ വിവരങ്ങൾ covid19jagratha.kerala.nic.in എന്ന വെബ് സൈറ്റിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ അവരവരുടെ login ID ഉപയോഗിച്ച് verify ചെയ്യേണ്ടതാണ്. ജില്ലാ കളക്ടറുടെ ലോഗിനിൽ ലഭ്യമാകുന്ന, തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ പരിശോധിച്ച ലിസ്റ്റ്, വോളണ്ടിയർ മാനേജ്മെന്റ് നോഡൽ ഓഫീസറായ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, വയനാട് എന്നവർ പരിശോധിച്ച് അംഗീകരിക്കുകയും ആയത് നിർദ്ദിഷ്ട മാതൃകയിൽ പ്രിന്റ് എടുത്ത് ഫോട്ടോ പതിപ്പിച്ച് സീൽ ചെയ്ത് നൽകേണ്ടതുമാണ്.

ഇത്തരത്തിൽ അനുവദിക്കുന്ന പാസുകൾക്ക് മാത്രമാണ് ഇനിമുതൽ നിയമ സാധുത ഉണ്ടായിരിക്കുകയുള്ളുവെന്ന് ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത പാസ്സിന്റെ മാതൃക ഉള്ളടക്കം ചെയ്യുന്നു.

ചെയർപെഴ്സൺ ജില്ലാ ദുരന്തനിവാരണ
അതോറിറ്റി & ജില്ലാ കളക്ടർ,

To

എല്ലാ ജില്ലാതല ഉദ്യോഗസ്ഥർക്കും.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനസെക്രട്ടറിമാർക്കും.

**COVID 19 – Essential Service**
**Transit Pass ID Number: 16339/2020**

## Sannadhasena Volunteer

An Initiative By

Directorate of Samoohika Sannadhasena, Government of Kerala

Issued under section 2 of the Epidemic Disease Act 1897 & The DisasterManagement Act 2005

**Name: Anusreeth Anu**
**Name of LSGI: KAKKUR**
**Activity of Volunteering: Seed Distribution**
**Area of Operation: WARD 11 ALAYAD**
**Time of Working: From 10:00 AM To 11:45 PM**

Validity of the Transit Pass: From 03/04/2020 To 03/04/2020
District: KOZHIKODE
Mobile Number: 73
Sex: Male
DOB: 25
Govt Issued ID Card Number: Aadhar-64

DISTRICT COLLECTOR & DISTRICT MAGISTRATE
KOZHIKODE

Please note: You are expected to always carry a Governmentissues photo ID card along with this pass. You are also not expected to use this for any other purpose and in any other timings other than mentioned on this pass. Violation of this is a punishable offence.